RL096592903

147 ഭരണഭാഷ - മാതൃഭാഷ

Registered With A/D.

വി.സി /47/2014/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 26.12.2018

14/1/19

## കാരണം കാണിക്കൽ നോട്ടീസ്

C62528

കാസർഗോഡ്, ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ രാജേഷ്.കെ യെ അറിയിക്കുന്നത്.

18/01/2014 തീയതിയിലെ സ.ഉ.(സാധാ)നം.105/2014/ഉ.വി.വ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയ ശൂന്യവേതനാവധി 31.10.2015 തീയതിയിൽ അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിക്കാതെയും അവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കാതെയും അനധികൃത അവധിയിൽ തുടരുന്നതിനാൽ താങ്കൾക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടികൾ ആരംഭിക്കുകയുണ്ടായി. 23/01/2017 തീയതിയിൽ നല്കിയ കുറ്റാരോപണമെമ്മോ കൈപ്പറ്റാതെ തിരികെ ലഭിച്ചതിനെ തുടർന്ന് സർക്കാൻ വിൻഡോയിൽ നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. താങ്കളിൽ നിന്നും യാതൊരു പ്രതിവാദങ്ങളും ലഭ്യമാകാത്തതിനെ തുടർന്ന് തുടർ നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി ഔപചാരിക അന്വേഷണത്തിന് അന്യേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവായിരുന്നു. അന്വേഷണത്തിന് താങ്കൾ ഹാജരാകകയുണ്ടായില്ല, താങ്കളുടെ ബന്ധുവായ ശ്രീ. മുരളീധരൻ.കെ അന്വേഷണത്തിന് താങ്കളുടെ പ്രതിനിധിയായി ഹാജരാകുകയും താങ്കൾക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ തുടരാൻ താത്പര്യമില്ലെന്ന വിവരം ടിയാൻ എഴുതി നൽകുകയും ചെയ്തിരുന്നു. ഇ.മെയിൽ മുഖേനയും ജോലിയിൽ തുടരുവാൻ താത്പര്യമില്ലെന്ന വിവരം താങ്കൾ ഈ ഓഫീസിനെ അറിയിച്ചിരുന്നു. തുടർന്ന് താങ്കളുടെ രാജി പരിഗണിച്ച് തുടർനടപടികൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിനോട് സ്പഷ്ടീകരണം തേടുകയുണ്ടായി

KCS (CC&A) ചട്ടങ്ങൾ പ്രകാരം കഠിനശിക്ഷ ചുമത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നതും, ടി അച്ചടക്ക നടപടി KCS(CC&A) ചട്ടങ്ങളിലെ ചട്ടം 11(I)(vii), 11(I)Viii) പ്രകാരമുള്ള ശിക്ഷകളിൽ കലാശിക്കാനുള്ള സാഹചര്യമുള്ളപ്പോഴോ, ശിക്ഷണ നടപടികളിൽ നിന്നും അതിന്റെ അനന്തരനടപടികളിൽ നിന്നും ഒഴിവാകുന്നതിനുള്ള സാഹചര്യം നിലനില്ക്കുമ്പോഴോ ബന്ധപ്പെട്ട ജീവനക്കാരൻ സമർപ്പിക്കുന്ന രാജി സ്വീകരിക്കേണ്ട അനിവാര്യതയില്ലെന്നും താങ്കൾക്കെതിരെ വകുപ്പ്തല അച്ചടക്കനടപടികൾ സ്വീകരിക്കാവുന്നതാണെന്നും സർക്കാരിൽ നിന്നും അറിയിക്കുകയുണ്ടായി. ആയതിനാൽ താങ്കൾ സമർപ്പിച്ചിട്ടുള്ള രാജി അപേക്ഷ പരിഗണിച്ച് താങ്കളെ അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ല.

GOVERNMENT OF KERALA 2017-18

149

KSR ഭാഗം I അനുബന്ധം 12.ബി പ്രകാരം അനുവദിച്ച് കിട്ടിയ ശൂന്യവേതാനാവധി കാലയളവ് അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി ജോലയിൽ നിന്നും വിട്ടുനില്ക്കുന്ന താങ്കൾക്കെതിരെ ചട്ടം vi പ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതുണ്ട്. മേൽ സാഹര്യത്തിൽ താങ്കളുടെ പ്രവൃത്തി ചട്ടവരുദ്ധവും തികഞ്ഞ അച്ചടക്ക ലംഘനവുമായി കണ്ട് താങ്കളെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടം 11(1)viii പ്രകാരം സർവ്വീസിൽ നിന്നും ഡിസ്മിസ് ചെയ്യുന്നതിന് താത്കാലിക തീരുമാനം കൈക്കൊണ്ടിരിക്കുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ താങ്കൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം നേരിട്ടോ അല്ലാതെയോ ലഭ്യമാക്കേണ്ടതാണ്. താങ്കളെ നേരിൽ കേൾക്കാൻ ആഗ്രഹിക്കുന്നുവോ എന്ന്കൂടി അറിയിക്കേണ്ടതാണ്. താങ്കളുടെ മറുപടി നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കവാനില്ലെന്ന നിഗമനത്തിൽ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

ഹരിത.വി.കുമാർ. ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ശ്രീ.രാജേഷ്.കെ., കൈപരവത്ത് ഹൗസ്, മതാനാർകല്ല്,
തട്ടുമ്മൽ (പി.ഒ) ചെറുപുഴ, കണ്ണൂർ-670511

പകർപ്പ്:-
1. പ്രിൻസിപ്പാൾ ,
   ഗവ. പോളിടെക്നിക് കോളേജ്, കാസർഗോഡ്
2. നടപ്പ് ഫയൽ/കരുതൽ ഫയൽ

ആർ.ബി. 24.12.2018

നം വി.സി - 47/2014/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തീയതി : 20.02.2019

## അനുബന്ധം - എച്ച്-4

## നോട്ടീസ്

കാസർഗോഡ്, ഗവണ്മെന്റ് പോളിടെക്നിക് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ (നിലവിൽ അനധികൃത അവധിയിൽ തുടരുന്ന) ശ്രീ.രാജേഷ്.കെ-യെ അറിയിക്കുന്നത്.

താങ്കൾക്ക് 10.01.2014 മുതൽ 31.10.2015 വരെ K.S.R.Part I Appendix XII B പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ അതിനുശേഷം താങ്കൾ ജോലിയ്ക്ക് ഹാജരാവുകയോ തുടർ അവധിക്ക് അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് കീഴിലും K.S.R ഭാഗം I അനുബന്ധം 12 ബി ചട്ടം vi-ന് കീഴിലും അനുശാസിക്കുന്ന പ്രകാരം താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും കുറ്റാരോപണ മെമ്മോ നൽകുകയും ഔപചാരിക അന്വേഷണം നടത്തുകയുമുണ്ടായി. തുടർന്ന് 1960-ലെ KCS ( CC&A) ചട്ടം 11 (1) viii പ്രകാരം സർവ്വീസിൽ നിന്നും ഡിസ്മിസ് ചെയ്യുന്നതിന് താത്കാലിക തീരുമാനം കൈക്കൊണ്ട് കാരണം കാണിയ്ക്കൽ നോട്ടീസ് താങ്കളുടെ അറിയപ്പെടുന്ന നിലവിലെ മേൽവിലാസത്തിൽ അയച്ച് തന്നിരുന്നു. എന്നാൽ കാരണം കാണിയ്ക്കൽ നോട്ടീസ് അടങ്ങിയ കവർ തപാലധികൃതർ 'Refused, Returned to Sender' എന്ന് രേഖപ്പെടുത്തി മടക്കി അയച്ചിരിക്കുന്നു. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസങ്ങൾക്കകം താങ്കൾക്കെതിരെ നിശ്ചയിച്ചിട്ടുള്ള ശിക്ഷ നടപ്പിൽ വരുത്തുന്നതിനെതിരെ താങ്കളിൽ നിന്നും വിശദീകരണം ലഭ്യമാകുന്നില്ലായെങ്കിൽ, താങ്കൾക്ക് യാതൊരു വിശദീകരണവും സമർപ്പിക്കുവാനില്ലായെന്ന അനുമാനത്തിൽ ശിക്ഷ സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്. താങ്കൾക്കെതിരെയുള്ള കാരണം കാണിയ്ക്കൽ നോട്ടീസിന്റെ പൂർണ്ണരൂപവും അതിന്റെ ഉള്ളടക്കമായ ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പക്കൽ നിന്നും ലഭിക്കുന്നതിനായി താങ്കളുടെ മേൽ വിലാസം രേഖപ്പെടുത്തിയ അപേക്ഷ ഓഫീസ് സമയത്ത് താങ്കൾക്ക് നൽകാവുന്നതും നിശ്ചിത സമയത്തിനുള്ളിൽ അവ താങ്കൾക്ക് അയച്ച് തരുന്നതുമാണ്.

ഹരിത.വി.കുമാർ.ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.

Sri.Rajesh.K, Kaiparavath (House) Mathamarkallu,
Thattummel (P.O) Cherupuzha (Via) Kannur Dist. 670 511.

എസ്.വി.